**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4191** **03-03-2023 - ൽ മറുപടിയ്ക്ക്**

**കുട്ടികളെ ഉപയോഗിച്ചുള്ള ലഹരി കടത്ത് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ കുട്ടികളെ ലക്ഷ്യമിടുന്ന ലഹരി കെണികളിൽ നിന്നും ഇവരെ മോചിപ്പിക്കുന്നതിനും കുട്ടികളെ ഉപയോഗിച്ചുള്ള ലഹരി കടത്ത് തടയുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (എ) | സ്കൂൾ/കോളേജ് തലത്തിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി വിവിധ മത്സരങ്ങളും ബോധവത്കരണ ക്ലാസ്സുകളും മറ്റ് പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. ടി ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് 500 സ്കൂളുകളിൽ 'ടീം വിമുക്തി' എന്ന പേരിൽ വിവിധ കായിക ഇനങ്ങളിൽ ടീമുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ 4 സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന ഉണർവ്വ് പദ്ധതി മറ്റ് 13 ജില്ലകളിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ കൂടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനായി 'നേർവഴി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികൾ ലഹരിയുടെ പിടിയിൽ അകപ്പെടാതെ സംരക്ഷിക്കുന്നതിന് അധ്യാപകരും രക്ഷകർത്താക്കളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും, ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരെ അതിൽ നിന്ന് പിൻതിരിപ്പിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തി 'കരുതൽ' എന്ന പേരിൽ ഒരു കൈപ്പുസ്തകം വിമുക്തി മിഷൻ തയ്യാറാക്കി വിതരണം നടത്തി വരുന്നു.<br><br>സംസ്ഥാനത്തെ വിദ്യാലയങ്ങൾ പൂർണ്ണമായും ലഹരി മുക്തമാക്കുന്നതിനുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും, വിദ്യാലയ പരിസരങ്ങളിലും, മയക്കുമരുന്ന് വിപണനം ചെയ്യുന്നതിന് സാധ്യതയുള്ള സ്ഥലങ്ങളിലും നിരീക്ഷണം നടത്തി വരുന്നു. കൂടാതെ എക്സൈസ് ഇന്റലിജൻസ് ഇത്തരം പരിശോധനകൾ |

| | | | |
|---|---|---|---|
| | | | നടത്തേണ്ടതായ സ്കൂളുകളുടെ വിവരം ശേഖരിച്ച് ഫീൽഡ് യൂണിറ്റുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. |
| (ബി) | ലഹരി വിരുദ്ധ അവബോധം സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ പ്രൈമറി തലം മുതലുള്ള പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പൊതുവിദ്യാഭാസ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | ലഹരി മരുന്ന് ഉപയോഗത്തിനെതിരെ കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പാഠഭാഗങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്ന് എക്സൈസ് വകുപ്പിൽ നിന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി ആവശ്യം പാഠ്യപദ്ധതി പരിഷ്കരണ വേളയിൽ പാഠ്യപദ്ധതി വികസന സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ എക്സൈസ് വകുപ്പിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ